തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ

25 (3227) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലര വർഷങ്ങളായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(സി) തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള വേതനം മിനിമം വേജസ് നിയമം അനുശാസിക്കുന്ന വിധം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലര വർഷങ്ങളിലായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ആകെ 11,440.598 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാമ പഞ്ചായത്ത്	തുക (ലക്ഷത്തിൽ)
അമ്പലപ്പുഴ തെക്ക്	691.010
അമ്പലപ്പുഴ വടക്ക്	913.460
പുന്നപ്ര തെക്ക്	1247.220
പുന്നപ്ര വടക്ക്	1073.180
പുറക്കാട്	1794.690
തകഴി	5721.038
ആകെ	11440.598

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത്	തൊഴിൽ ദിനങ്ങൾ					
	2011-12	2012-13	2013-14	2014-15	2015-16	ആകെ
അമ്പലപ്പുഴ തെക്ക്	74173	63343	98910	61216	47354	344996
അമ്പലപ്പുഴ വടക്ക്	107031	83325	97837	74896	51692	414781
പുന്നപ്ര തെക്ക്	82437	107639	164921	130377	121349	606723
പുന്നപ്ര വടക്ക്	130068	140186	173809	56342	69315	569720
പുറക്കാട്	110753	169625	275191	225686	133570	914825
തകഴി	2826	8510	10169	5118	1642	28292
ആകെ	507288	572628	820864	553635	424922	2879337

(സി) തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കൂലി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

26 (3228) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം (ഇ.റ്റി.സി.) ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഒരു ഉദ്യോഗസ്ഥന്റെ വസ്തുതാവിരുദ്ധമായ നോട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാതിരിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly